ഉത്തരം

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പ്രവർത്തിച്ചിരുന്ന കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ സഞ്ചരിക്കുന്ന മാവേലിസ്റ്റോർ പാലക്കാട് റീജിയൺ പിരിധിയിൽപ്പെട്ട അഗളി, അട്ടപ്പാടി എന്നീ ആദിവാസി മേഖലകളിലെ ജനങ്ങൾക്കു പ്രജോജനപ്പെടുത്തുന്നതിനായി 1996-ൽ പ്രവർത്തനമേഖല മാറ്റുകയുണ്ടായി. സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പക്കൽ ഇപ്പോൾ വാഹനസൗകര്യമില്ലാത്തതിനാൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന മാവേലിസ്റ്റോറിന്റെ പ്രവർത്തനം തുടർന്നു നടത്തുവാൻ തൽക്കാലം നിർവ്വാഹമില്ല.

റേഷൻ വിതരണത്തിന് വരുമാനപരിധി

141 (1076) ശ്രീ. കെ. പി. രാജേന്ദ്രൻ :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ.സി. എൻ. ജയദേവൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് റേഷൻ വിതരണത്തിന് വരുമാന പരിധി ഏർപ്പെടുത്താൻ തീരുമാനിച്ചിരുന്നുവോ ;

(ബി) തീരുമാനിച്ചിരുന്നുവെങ്കിൽ നിശ്ചയിച്ചിരുന്ന വരുമാന പരിധി എത്രയായിരുന്നു ;

(സി) ഈ തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപ്പാക്കാത്തതിന്റെ കാരണവും വ്യക്തമാക്കുമോ ;

(ഡി) രണ്ടുതരം റേഷൻ കാർഡുകൾ ഏർപ്പെടുത്തുവാൻ കഴിഞ്ഞ ഗവൺമെന്റ് തീരുമാനിച്ചിരുന്നുവോ ;

(ഇ) തീരുമാനിച്ചിരുന്നുവെങ്കിൽ അതിന് സ്വീകരിക്കുവാനുദ്ദേശിച്ച മാനദണ്ഡമെന്തായിരുന്നു ; ഇക്കാര്യത്തിൽ എന്തു തീരുമാനം നടപ്പിലാക്കി എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന ഗവൺമെന്റ് തീരുമാനമെടുത്തിരുന്നില്ല.

(ബി-ഇ) ചോദ്യം ഉദിക്കുന്നില്ല.

പൊതുവിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങൾ

142 (1077) ശ്രീ. ടി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രഗവൺമെന്റിൽ നിന്നു പൊതുവിതരണത്തിനായി സംസ്ഥാന സർക്കാരിന് അലോട്ട് ചെയ്തു കിട്ടുന്ന അരി വിഹിതം എത്രയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly